©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 സെപ്റ്റംബർ 21<br>21st September 2021<br>1197 കന്നി 5<br>5th Kanni 1197<br>1943 ഭാദ്രം 30<br>30th Bhadra 1943 | നമ്പർ<br>No. 37 |

# PART IV

# Private Advertisements and Miscellaneous Notifications

## കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

വിജ്ഞാപനം

No. 15806/2021/D1. 2021 ജൂലൈ 29.

ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 164, 185 (2) വകുപ്പു പ്രകാരം പൊതുജനങ്ങളുടെ അറിവിലേക്ക് പരസ്യപ്പെടുത്തുന്നത്. ഇടുക്കി ജില്ലയിലെ കുത്തുങ്കൽ 110 കെ. വി. സബ്സ്റ്റേഷനിൽ നിന്നും നിർദ്ദിഷ്ട ഉടുമ്പഞ്ചോല സബ് സ്റ്റേഷനിലേക്ക് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന 33 കെ. വി. ലൈനിന്റെ സർവേ, പരിശോധന, നിർമ്മാണം മുതലായവ പ്രവർത്തികൾ നടത്തുവാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ഉദ്യോഗസ്ഥൻമാരും തൊഴിലാളികളും ഇടുക്കി, ഉടുമ്പഞ്ചോല താലൂക്കുകളിലെ കൊന്നത്തടി, വാത്തിക്കുടി, രാജാക്കാട്, രാജകുമാരി, കാന്തിപ്പാറ, കൽകൂന്തൽ, ഉടുമ്പഞ്ചോല, ശാന്തൻപാറ എന്നീ വില്ലേജുകളിൽ പെട്ട വസ്തുക്കളിൽ കൂടി അവരുടെ നിയമാനുസൃതമായ കൃത്യ നിർവഹണത്തിനു വേണ്ടി പ്രവേശിക്കുന്നതാണെന്ന വിവരം വകുപ്പനുസരിച്ച് ബന്ധപ്പെട്ട എല്ലാവരേയും അറിയിച്ചു കൊള്ളുന്നു. പ്രസ്തുത ജോലി ചെയ്യുന്നതിൽ നിന്നും അവരെ തടസ്സപ്പെടുത്തുന്നത് വിരുദ്ധമാണ് എന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ട്രാൻസ്മിഷൻ ഡിവിഷൻ, (ഒപ്പ്)
നെടുങ്കണ്ടം. എക്സിക്യൂട്ടീവ് എഞ്ചിനീയർ.

---

വിജ്ഞാപനം

No. EE/TDV-01/21-22. 2021 ജൂലൈ 23.

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ പുതുതായി ഭരണാനുമതി ലഭിച്ച 110 കെ. വി. സബ് സ്റ്റേഷന്റെ അനുബന്ധ 110 കെ. വി. ലൈനിന്റെ സർവ്വേയുടെയും തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുമായും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജീവനക്കാരും മറ്റു ജോലിക്കാരും കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽപ്പെട്ട മുത്താമ്പി, വൈദ്യരങ്ങാടി, തടോളിതാഴം, ചിറ്റാരിനട, എ. ജി. പാലസ്, ഒറ്റക്കണ്ടം, ചെറോൽ നട, ഊരള്ളൂർ, കോട്ടക്കുന്ന്, അരീക്കുന്നത്ത് മുക്ക്, ഒറവിങ്കൽ താഴെ, ഒറോക്കുന്ന്, കുന്നോത്ത് മുക്ക്, അർജുനൻ കുന്ന്, നടുവത്തൂർ, നടേരിക്കടവ്, പെരുവട്ടൂർ, നടേരി അക്വഡക്ട്, മുണ്ടക്കുന്ന്, പന്തലായനി, പന്തലായനി വയൽ, എസ്. എൻ. ഡി. പി. കോളേജ്, കൊല്ലം തുടങ്ങിയ സ്ഥലങ്ങളും പരിസര പ്രദേശങ്ങളും, ഉൾപ്പെട്ട വില്ലേജുകളിലെ വസ്തുക്കളിൽ കൂടി നിയമാനുസൃത കൃത്യ നിർവ്വഹണത്തിനായി പ്രവേശിക്കുന്നതാണെന്നുള്ള വിവരം ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 185 ഉപവകുപ്പ് 2 (എ & ബി) അനുസരിച്ച് ബന്ധപ്പെട്ട എല്ലാവരെയും ഇതിനാൽ അറിയിക്കുന്നു.

ട്രാൻസ്മിഷൻ ഡിവിഷൻ, (ഒപ്പ്)
വടകര. എക്സിക്യൂട്ടീവ് എഞ്ചിനീയർ.

വിജ്ഞാപനം

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കാസറഗോഡ് ജില്ലയിലെ ബേഡഡുക്ക വില്ലേജിൽപ്പെട്ട വലിയപാറ എന്ന സ്ഥലത്ത് പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന 110 കെ. വി. കുറ്റിക്കോൽ സബ്സ്റ്റേഷനിലേക്കുള്ള 110 കെ. വി. ഡബിൾ സർക്യൂട്ട് ലൈനിന്റെ സർവ്വേ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾക്കുവേണ്ടി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥരും ബോർഡ് ചുമതലപ്പെടുത്തുന്ന വ്യക്തികളും കാസർഗോഡ് താലൂക്കിലെ കുളത്തൂർ, ബേഡഡുക്ക എന്നീ വില്ലേജുകളിലും ഹോസ്ദുർഗ്ഗ് താലൂക്കിലെ ബാര, പനയാൽ, പെരിയ എന്നീ വില്ലേജുകളിലും പെടുന്ന സ്വകാര്യ വ്യക്തികളുടെ ഉൾപ്പെടെയുള്ള ഭൂമിയിൽ കൂടി അവരുടെ നിയമാനുസൃത കൃത്യനിർവ്വഹണത്തിനായി പ്രവേശിക്കുന്നതാണെന്നുള്ള വിവരം ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 2003, 164, 165 (2) (എ) (ബി), ഇന്ത്യൻ ടെലിഗ്രാഫ് ആക്ട് 1885-ലെ വകുപ്പുകൾ അനുസരിച്ച് എല്ലാവരെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

പട്ടിക

| ലൈനിന്റെ പേര് | ജില്ല | താലൂക്ക് | വില്ലേജ് |
|---|---|---|---|
| പുതുതായി നിർമ്മിക്കുന്ന കുറ്റിക്കോൽ 110 | കാസറഗോഡ് | കാസറഗോഡ് | കുളത്തൂർ ബേഡ്ഡുക്ക, |
| കെ. വി. സബ് സ്റ്റേഷനിലേക്കുള്ള 110 കെ. വി. ഡബിൾ സർക്യൂട്ട് ലൈൻ | | ഹോസ്ദുർഗ്ഗ് | ബാര, പനയാൽ പെരിയ |

(ഒപ്പ്)
കാസറഗോഡ്. എക്സിക്യൂട്ടീവ് എഞ്ചിനീയർ.

## കൊണ്ടോട്ടി നഗരസഭ

വിജ്ഞാപനം

നമ്പർ എൻ. യു. എൽ. എം./743/2018. 2021 ഫെബ്രുവരി 17.

കേരള തെരുവ് കച്ചവട ചട്ടം ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും [സ.ഉ. (പി) നമ്പർ 15/2018/തസ്വഭവ തീയതി 12-3-2018] അദ്ധ്യായം-2 (ചട്ടം) പ്രകാരം കൊണ്ടോട്ടി നഗരസഭയിലെ നഗര കച്ചവട സമിതിയിലേക്കുള്ള തെരുവ് കച്ചവടക്കാരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിന് വേണ്ടി തിരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചു. തെരുവ് കച്ചവട നിയമത്തിലും ചട്ടത്തിലും പ്രതിപാദിച്ചിരിക്കുന്ന ചുമതലകൾ, കൂടാതെ തെരുവ് കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷണവും പുനരധിവാസവും ആണ് നഗര തെരുവ് കച്ചവട സമിതിയുടെ ചുമതല.

(ഒപ്പ്)
സെക്രട്ടറി.

Salim A Digitally signed by Salim A Date: 2021.09.30 21:55:16 +05'30'